# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -319

30.11.2015-ലെ മറുപടിക്ക്

## പാമൊലിൻ ഇറക്കുമതി കേസിൻെറ വിചാരണ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എം.എ.ബേബി<br>,, എം. ഹംസ<br>,, സാജു പോൾ<br>,, വി.ചെന്താമരാക്ഷൻ : | രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും<br>വകുപ്പ് മന്ത്രി |
| (എ) പാമൊലിൻ ഇറക്കുമതി നടത്തിയത് സംബന്ധിച്ച കേസിൻെറ വിചാരണ ഇപ്പോൾ നടക്കുന്നുണ്ടോ ; | (എ) പ്രസ്തുത കേസ് വിചാരണ ഘട്ടത്തിലാണ്. |
| (ബി) കേസ് വിചാരണ ചെയ്യുന്നതിനെതിരെ കേരള ഹൈക്കോടതിയിലും വിജിലൻസ് കോടതിയിലും ഉയർത്തിയ തടസ്സ വാദങ്ങൾ കോടതികൾ അംഗീകരിച്ചിട്ടുണ്ടോ ; കീഴ്ക്കോടതിയുടെ വിധി എന്തായിരുന്നു ; ഇത് ഹൈക്കോടതി അംഗീകരിച്ചിട്ടുണ്ടോ ; | (ബി) പിൻവലിക്കൽ ഹർജി കീഴ്ക്കോടതിയിൽ സമർപ്പിച്ചപ്പോൾ പ്രസ്തുത കേസിൻെറ ചുമതലയുള്ള പബ്ലിക് പ്രോസിക്യൂട്ടർ അല്ല പിൻവലിക്കൽ ഹർജി നൽകിയത് എന്നതിൻെറ അടിസ്ഥാനത്തിൽ ഹർജി തള്ളുകയാണുണ്ടായത്. ഇതിനെതിരെ ഹൈക്കോടതിയിൽ സമർപ്പിച്ച റിവ്യൂ ഹർജി ബഹുമാനപ്പെട്ട ഹൈക്കോടതി അംഗീകരിച്ചില്ല. |
| (സി) പാമൊലിൻ ഇടപാടിൽ ഖജനാവിനു നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് സി & എ.ജി. കണ്ടെത്തിയത് എപ്പോഴായിരുന്നു ; പ്രസ്തുത റിപ്പോർട്ടിന്മേലുള്ള പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിഗമനങ്ങൾ എന്തെല്ലാമായിരുന്നു | (സി) പാമൊലിൻ ഇടപാടിൽ ഖജനാവിന് നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് കണ്ടെത്തിയത് വിജിലൻസ് & ആൻറികറപ്ഷൻ ബ്യൂറോ നടത്തിയ പ്രഥമിക അന്വേഷണത്തിലാണ്. കംപ്ട്രോളർ ആൻറ് ആഡിറ്റർ ജനറലിൻെറ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി അന്വേഷണം നടത്തുകയും പാമൊലിൻ ഇറക്കുമതിയിൽ വീഴ്ചകൾ സംഭവിച്ചിട്ടുണ്ടെന്നും വിശദമായ അന്വേഷണം നടത്തണമെന്നും ശുപാർശ ചെയ്തിരുന്നു. |
| (ഡി) കേസ് പിൻവലിക്കുവാനുള്ള സർക്കാർ നിർദ്ദേശത്തെ തുടർന്ന് പബ്ലിക് പ്രോസിക്യൂട്ടർ ഹർജി നൽകുകയുണ്ടായോ; ഇത് അനുവദിക്കുകയുണ്ടായോ; ഇതിനെതിരെ ഹൈക്കോടതിയിൽ റിവ്യൂ ഹർജി നൽകിയിട്ടുണ്ടോ ; എങ്കിൽ കാരണം വെളിപ്പെടുത്തുമോ ? | (ഡി) പ്രസ്തുത കേസിൻെറ ചുമതലയുള്ള പബ്ലിക് പ്രോസിക്യൂട്ടർ അല്ല പിൻവലിക്കൽ ഹർജി നൽകിയത് എന്ന കീഴ്ക്കോടതിയുടെ തീരുമാനത്തെ ചോദ്യം ചെയ്ത് ക്രിമിനൽ റിവിഷൻ ഹർജി നൽകിയിരുന്നു. |

സെക്ഷൻ ഓഫീസർ